**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3130** **14-02-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെയും പൂതക്കുളം ഗ്രാമപഞ്ചായത്തിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പൂതക്കുളം പഞ്ചായത്തിലെ എല്ലാ ഭവനങ്ങളിലും കുടിവെള്ള കണക്ഷനുകൾ എത്തിക്കാനായി ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 5235 കണക്ഷനുകൾ നൽകാനായി ആകെ 969.24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇനി 250 കണക്ഷനുകൾ കൂടി നൽകാനുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ കരാർ 22.01.2024-ൽ ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ പൈപ്പ് ലൈനുകൾ pre - delivery test ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പരവൂർ മുനിസിപ്പാലിറ്റിയിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതിക്കായി വിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനും, കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനുമായി 13.007 കോടി രൂപയുടെ പ്രവൃത്തിയ്ക്ക് അമൃത് 2.0 ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും 15% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. ടി പദ്ധതി ഡിസംബർ മാസത്തോടു കൂടി പൂർത്തീകരിക്കാനാവുമെന്നു പ്രതീക്ഷിക്കുന്നു.<br><br>പൂതക്കുളം പഞ്ചായത്തിനും പരവൂർ മുനിസിപ്പാലിറ്റിക്കും വേണ്ടി ഇത്തിക്കര നദി സ്രോതസ്സാക്കി ഒരു പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി സ്രോതസ്സിന്റെ സാധ്യത പഠനം നടത്തുന്നതിനായി ഇറിഗേഷൻ വകുപ്പിന് 5,40,000/- രൂപ ഒടുക്കിയിട്ടുണ്ട്. ശുദ്ധീകരണ ശാലക്കും കിണറിനും ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ജല ശുദ്ധീകരണ ശാല നിർമിക്കുന്നതിനായി പഞ്ചായത്ത് അധികൃതർ കണ്ടെത്തിയ സ്ഥലത്തു മണ്ണ് പരിശോധന നടത്തിയതിൽ സ്ഥലം സാധാരണ ഫൗണ്ടേഷന് അനുയോജ്യമല്ലെന്നു |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയിട്ടുണ്ട്. അതിനാൽ മറ്റൊരു സ്ഥലം ഇതിനായി കണ്ടെത്തേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്നും കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കാമോ? | (ബി) | പൂതക്കുളം പഞ്ചായത്തിലെ എല്ലാ ഭവനങ്ങളിലും കുടിവെള്ള കണക്ഷനുകൾ എത്തിക്കാനായി ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 5235 കണക്ഷനുകൾ നൽകാനായി ആകെ 969.24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇനി 250 കണക്ഷനുകൾ കൂടി നൽകാനുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ കരാർ 22.01.2024-ൽ ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ പൈപ്പ് ലൈനുകൾ pre - delivery test ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പരവൂർ മുനിസിപ്പാലിറ്റിയിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതിക്കായി വിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനും, കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനുമായി 13.007 കോടി രൂപയുടെ പ്രവൃത്തിയ്ക്ക് അമൃത് 2.0 ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും 15% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. ടി പദ്ധതി ഡിസംബർ മാസത്തോടു കൂടി പൂർത്തീകരിക്കാനാവുമെന്ന പ്രതീക്ഷിക്കുന്നു.<br><br>പൂതക്കുളം പഞ്ചായത്തിനും പരവൂർ മുനിസിപ്പാലിറ്റിക്കും വേണ്ടി ഇത്തിക്കര നദി സ്രോതസ്സാക്കി ഒരു പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി സ്രോതസ്സിന്റെ സാധ്യത പഠനം നടത്തുന്നതിനായി ഇറിഗേഷൻ വകുപ്പിന് 5,40,000/- രൂപ ഒടുക്കിയിട്ടുണ്ട്. ശുദ്ധീകരണ ശാലക്കും കിണറിനും ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ജല ശുദ്ധീകരണ ശാല നിർമിക്കുന്നതിനായി പഞ്ചായത്ത് അധികൃതർ കണ്ടെത്തിയ സ്ഥലത്തു മണ്ണ് പരിശോധന നടത്തിയതിൽ സ്ഥലം സാധാരണ ഫൗണ്ടേഷന് അനുയോജ്യമല്ലെന്നു കണ്ടെത്തിയിട്ടുണ്ട്. അതിനാൽ മറ്റൊരു സ്ഥലം ഇതിനായി കണ്ടെത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ഘടകങ്ങൾ** | **വിഭാവനം ചെയ്തത്** | **പ്രവർത്തിയുടെ നിലവിലെ സ്ഥിതി** |
|---|---|---|
| ഗാർഹിക കണക്ഷൻ | 4122 എണ്ണം | 462 എണ്ണം |
| വിതരണ ശൃംഖല | 36.50 കി മീ | 23 കി മീ |
| പൂങ്കുളം ടാങ്കിന്റെ നവീകരണം | 100% | 60% പൂർത്തീകരിച്ചു |
| ജിക്കാ ഗ്യാപ് ക്ലോസിംഗ് വർക്ക് | 100% | 90% പൂർത്തീകരിച്ചു |